ധ്യാന നിമിഷങ്ങൾ

# പുല്ലാങ്കുഴലിന്റെ സന്ദേശം

ഫാ. റ്റി. ജെ. ജോഷ്വ

ഒരു നഗരവീഥിയുടെ ഓരംചാരി ഒരാൾ നിന്നുകൊണ്ട് പുല്ലാങ്കുഴൽ വായിക്കുന്നു. കാൽനടക്കാർ പലരും ആ സംഗീത മാധുരിയിൽ ആകൃഷ്ടരായി അടുത്തുവരുന്നു. കുറെപ്പേർ ചുറ്റിലുമായപ്പോൾ തോളിലിട്ടിരിക്കുന്ന സഞ്ചിയിൽ നിന്ന് പുല്ലാങ്കുഴലുകൾ പുറത്തേക്കെടുത്ത് വില്പനയ്ക്കായി ഒരുമ്പെടുന്നു. അവ അയാളുടെ കരവിരുതിൽ സ്വന്തം ശില്പശാലയിൽ നിർമ്മിക്കപ്പെട്ടവയാണ്.

വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ പുല്ലാങ്കുഴൽ വായിക്കുന്നതിനെപ്പറ്റി കവികൾ ഹൃദ്യമായി ചിത്രീകരിച്ചിട്ടുണ്ട്. അലൗകികമായ ആ സംഗീത നിർഝരിയിൽ പ്രകൃതി മുഴുവൻ രോമാഞ്ചമണിയുന്നു. പുല്ലുചവയ്ക്കുന്ന ഗോക്കൾപോലും നിശ്ചലരായി കാതോർത്തു നിൽക്കുകയാണ്. ഭഗവാന്റെ പരിചിതമായ ചിത്രം തന്നെ മുരളീധരനായിട്ടാണ്.

സംഗീത സദസ്സുകളിൽ പുല്ലാങ്കുഴൽ ഒരവിഭാജ്യഘടകമാണ്. സംഗീതോപകരണങ്ങളിൽ ഏറ്റവും ലളിതവും വ്യയഹേതുകമല്ലാത്തതുമാണ് പുല്ലാങ്കുഴൽ. എന്നാൽ അവയിൽ നിന്നുയരുന്ന നാദധ്വനി കർണ്ണപീയൂഷം ചൊരിയുന്നതാണ്. പുല്ലാങ്കുഴലിന്റെ രൂപകഥ ചിന്തോദ്ദീപകമായി തോന്നുന്നു.

വാസനാസിദ്ധിയുള്ള നിർമ്മാതാവ് അനുയോജ്യമായ ഈറ (ഈറ്റ) തെരഞ്ഞെടുത്ത് നിശ്ചിതനീളത്തിൽ മുറിക്കുന്നു. അങ്ങനെ മുറിപ്പെടുത്തലിന്റെ പ്രക്രിയയോടെ തുടക്കം കുറിക്കുന്നു. അനന്തരം ചുട്ടുപഴുപ്പിച്ച ഇരുമ്പുകമ്പികൊണ്ട് അതിൽ ദ്വാരങ്ങൾ ഉണ്ടാക്കുന്നു. അവയുടെ വലുപ്പവും അകലവും അയാൾ രൂപകല്പനചെയ്ത വിധത്തിലാണ്. വെന്തുപൊള്ളുന്ന അനുഭവം വേദനാജനകം തന്നെ. പക്ഷേ അതുണ്ടായേ മതിയാവൂ. വെറും ഈറ്റക്കഷണത്തെ സ്വർഗ്ഗീയനാദമുതിർക്കുന്ന പുല്ലാങ്കുഴലായി മാറ്റുന്നത് വെന്തുനീറുന്ന കുത്തിത്തുളയ്ക്കലാണ്. ഇതൊരു വലിയ ജീവിത യാഥാർത്ഥ്യത്തിലേക്കു വെളിച്ചം വീശുന്നതായി തോന്നി. അടിക്കടി വന്നുകൊണ്ടിരിക്കുന്ന രോഗങ്ങളും പ്രതിസന്ധികളും പുല്ലാങ്കുഴലിന്റെ പരിണാമകഥയിലേക്കു ശ്രദ്ധതിരിക്കാനിടയായി. അറത്തുമുറിക്കുന്ന അനുഭവങ്ങളും, വെന്തുനീറുന്ന വേദനകളും, സ്തംഭിപ്പിക്കുന്ന ആഘാതങ്ങളും ഈശ്വരൻ അറിയാതെ സംഭവിക്കുന്നവയല്ല. നല്ല സംഗീതോപകരണമായി രൂപപ്പെടുത്തുന്നതിന് അവ എത്രമാത്രം ആവശ്യമെന്ന് അവിടുത്തേക്കറിയാം. സൂക്ഷ്മതയും ശ്രദ്ധയും അവിടുത്തേക്കുണ്ട്. ആവശ്യത്തിലധികമായി ഒന്നും അവിടുന്ന് അനുവദിക്കുകയില്ല, ചെയ്യുകയുമില്ല.

ദൈവത്തിന്റെ മാർഗ്ഗങ്ങൾ എത്ര ദുർഗ്രഹം. എന്തെന്നാൽ ദൈവത്തിന്റെ മനസ്സറിഞ്ഞവൻ ആര്. അവിടുത്തേക്ക് ഉപദേഷ്ടാവായതാര്. ഇപ്രകാരമാണ് പൗലോസ് ശ്ലീഹാ ചോദിക്കുന്നത്. നല്ലവനായ ദൈവം നമുക്കു നന്മയായിട്ടുള്ളത് പ്രവർത്തിക്കുന്നു. അതിൽ നാം സന്ദേഹിക്കേണ്ടതില്ല.

ജീവിതത്തിന്റെ പരമമായ ലക്ഷ്യം ദൈവം ഉപയോഗിക്കുന്ന മനുഷ്യനായിത്തീരുക എന്നതാണ്. ദൈവത്തിന്റെ പുല്ലാങ്കുഴലായിത്തീരുമ്പോൾ ദൈവത്തിന്റെ സ്നേഹസംഗീതം ഉതിർക്കുന്ന ജീവിതമായി മാറുക എന്നർത്ഥം. മുരളീഗാനം ശ്രോതാക്കൾക്ക് ആനന്ദവും, ആത്മീകാനുഭൂതിയും പകരുന്നതുപോലെ നമ്മുടെ സംഭാഷണം മറ്റുള്ളവർക്കു പ്രചോദനമായിത്തീരണം. പൗലോസ് ഉത്ബോധിപ്പിക്കുന്നു. കേൾവിക്കാർക്ക് ആത്മീയചൈതന്യം പ്രദാനം ചെയ്യുന്നതിനായി അവരുടെ ഉന്നതിക്കുതകുംവിധം നല്ലകാര്യങ്ങൾ സന്ദർഭമനുസരിച്ച് സംസാരിക്കുവിൻ. നമ്മുടെ സംഭാഷണത്തെ നിയന്ത്രിക്കേണ്ട പല പ്രധാന സംഗതികളും ഈ പ്രസ്താവനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സംഭാഷണത്തിന്റെ ലക്ഷ്യം പാലിക്കേണ്ട ഔചിത്യം എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. ഈ ആശയം തന്നെ മറ്റൊരു പ്രസ്താവനയിലുമുണ്ട്. നിങ്ങളുടെ സംഭാഷണം ഹൃദ്യവും മധുരോദാരവുമായിരിക്കണം. എല്ലാവർക്കും സമുചിതമായി മറുപടി നൽകേണ്ടത് എങ്ങനെയാണെന്ന് നങ്ങൾ അറിഞ്ഞിരിക്കണം.

പുല്ലാങ്കുഴൽ എത്ര കുറ്റമറ്റതായാലും വിദഗ്ദ്ധമായി രൂപകല്പന ചെയ്തതായാലും അതു സംഗീത വിദഗ്ദ്ധന്റെ കരങ്ങളിൽ എത്തിയാൽ മാത്രമേ ഹൃദ്യമായ നാദധ്വനി അതിൽ നിന്നുണ്ടാവുകയുള്ളൂ. ഈശ്വരനുമായി നാം ബന്ധപ്പെടുമ്പോൾ, അവിടുന്നു നമ്മെ ഉപയോഗിക്കുമ്പോൾ, കാട്ടിൽവളർന്ന ഈറ്റക്കഷണം വിലപ്പെട്ട സംഗീതോപകരണമായി മാറുന്നതുപോലെ നാം പ്രയോജനമുള്ള വ്യക്തികളും സന്തോഷസംവാഹകരുമായിത്തീരും.

## സഹോദരങ്ങൾ തമ്മിലുള്ള പോരാട്ടം

പി. റ്റി. ജോൺ

"നീ ചെയ്തിരിക്കുന്നതുപോലെ നിനക്കും ചെയ്യും.
നിന്റെ പ്രവൃത്തി നിന്റെ തലമേൽ മടങ്ങിവരും"
*(ഓബദ്യാവ് - 15)*

ഏദോമ്യർ സഹോദരങ്ങളായ ഇസ്രായേല്ല്യരെ ആക്രമിച്ചവരെ പ്രോത്സാഹിപ്പിക്കുകയും, പ്രേരിപ്പിക്കുകയും, ഭയപ്പെട്ട് ഓടിപ്പോയ അവരെ, പതിയിരുന്നു കൊള്ളയടിക്കുകയും, അവരെ തടവിലാക്കുവാൻ സഹായിക്കുകയും ചെയ്തു. ഏദോമ്യരുടെ ക്രൂരതകൾക്കു ശിക്ഷയായി, അഹങ്കാരികളായ അവരുടെ മേൽ യഹോവ, വരുത്തുവാനിരിക്കുന്ന അനർത്ഥങ്ങളെക്കുറിച്ച് ഒബദ്യാവിനുണ്ടായ ദർശനമാണ് പഴയനിയമത്തിലെ ഏറ്റവും ചെറിയ പുസ്തകമായ ഒബദ്യാവിന്റെ ഉള്ളടക്കം. ഏദോമ്യാർ നിങ്ങളുടെ സഹോദരന്മാരാകയാൽ അവരെ വെറുക്കരുതെന്ന് യഹോവ ഇസ്രയേല്ല്യരോടും പറഞ്ഞിട്ടുണ്ട്. (ആവർത്തന പുസ്തകം 23 7) ബാബിലോൺകാർ ഇസ്രയേല്ല്യരെ യേരുശലേമിൽ നിന്ന് ബന്ദികളാക്കി നാടുകടത്തിയപ്പോൾ അവർക്കുണ്ടായ മനോവ്യഥ ബാബിലോൺ നദികളുടെ തീരത്തു ഞങ്ങൾ ഇരുന്നു, സീയോനെ ഓർത്തപ്പോൾ ഞങ്ങൾ കരഞ്ഞു. എന്നു തുടങ്ങുന്ന വിഷാദാത്മകമായ 137 - ാം സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മിനിറ്റുകൾ മാത്രം പ്രായവ്യത്യാസമുള്ള മൂത്ത സഹോദരനായ ഏശാവ് വിശപ്പും, കൊതിയും അടക്കുവാൻവേണ്ടി, തന്റെ ജ്യേഷ്ഠാവകാശം അനുജനായ യാക്കോബിനു വിറ്റു. പിന്നീട് യാക്കോബ് ഇസ്രായേലിന്റെ ഗോത്രപിതാവായി. നായാട്ടുകാരനായ ഏശാവ് തെക്കുകിഴക്കുള്ള വിജനമായ പർവ്വതപ്രദേശത്തേക്ക് താമസം മാറി. ഏദോം എന്ന രാഷ്ട്രത്തിന്റെ സ്ഥാപകനായി. ഏദോമിന്റെ തലസ്ഥാനമായ സേലാ, കിഴക്കാംതൂക്കായ ഒരു മലഞ്ചെരുവിന്റെ മുകളിലുള്ള നിരപ്പായ സ്ഥലമായിരുന്നു. അവിടേക്കുള്ള പ്രവേശനം അഗാധമായ ഒരു മലയിടുക്കിൽ കൂടി മാത്രമാണ്. ഇങ്ങനെ അതിസുരക്ഷിതമായ ഒരു പ്രദേശത്തുനിന്ന് ഏദ്യോമർ ഇസ്രയേലിനെ ആക്രമിച്ചുകൊണ്ടേയിരുന്നു.

ഒബദ്യാവ് പ്രവചിച്ചതുപോലെ സഹോദരന്മാരെ കഷ്ടപ്പെടുത്തിയ ഏദോമ്യർക്ക് കഠിനമായ ശിക്ഷ ലഭിച്ചു. അവർ ഭൂമുഖത്തുനിന്ന് തുടച്ചുമാറ്റപ്പെടുമെന്നും, നിലംപരിചായ ഇസ്രായേല്ല്യർ കരുത്തരായിത്തീരുമെന്നുള്ള പ്രവചനം സത്യമായിത്തീർന്നു. ഏദോമ്യരെ നശിപ്പിച്ചത് ഇസ്രായേല്ല്യർ ആയിരുന്നില്ല. വിദേശികളുടെ ആക്രമണപരമ്പരകളോടെ അതു സംഭവിച്ചു. റോമക്കാർ യെരുശലേം പിടിച്ചടക്കിയതോടുകൂടി ഏദോമ്യർക്കു ശേഷിച്ചിരുന്നതുംകൂടി നശിപ്പിക്കപ്പെട്ടു. യഹൂദ്യരെ യെരുശലേമിൽ പീഡിപ്പിച്ച ഏദോമ്യർതന്നെ യെരുശലേമിനുവേണ്ടി പോരാടി മരിച്ചു. സഹോദരന്മാരെ പീഡിപ്പിച്ചവർക്കു ലഭിച്ചത് ഇതാണ്.

നീ ചെയ്തിരിക്കുന്നതുപോലെ നിനക്കും ചെയ്യും. നിന്റെ പ്രവൃത്തി നിന്റെ തലമേൽ മടങ്ങിവരും. (Ref. NIV)



*എല്ലാമാസവും നമ്മുടെ പള്ളിയിൽ നിന്ന് ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ജൂലൈ മാസത്തെ വിതരണം ദിനേശ്മണി MLA*





വികാരിയുടെ കത്ത്

# ശിഷ്യത്വം

ദൈവത്തിനു മഹത്വം. എല്ലാ ബുള്ളറ്റിൻ മിത്രങ്ങൾക്കും വേഗം വരുന്ന യേശുക്രിസ്തുവിന്റെ നിസ്തുല നാമത്തിൽ സ്നേഹവന്ദനം.

പ്രിയരേ,

ഈ മാസം നമുക്ക് ശിഷത്വം എന്ന വിഷയത്തെക്കുറിച്ച് അല്പമായി ചിന്തിക്കാം. മത്താ 4 : 18-22ൽ എന്റെ പിന്നാലെ വരുവിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം. ഈ വാക്കിനുമുന്നിൽ ഉടനെ പത്രോസ് തനിക്കുള്ളതെല്ലാം വിട്ട് കർത്താവിനെ അനുഗമിച്ചു. യാക്കോബും യോഹന്നാനും യേശുവിന്റെ വിളികേട്ടപ്പോൾ അപ്പനെയും തനിക്കുള്ളതൊക്കെയും വിട്ട് ഉടനെ യേശുവിനെ അനുഗമിച്ചു.

ഗന്നേസരത്ത് തടാകത്തിൽ ശീമോന്റെ പടകിൽ ഇരുന്ന് യേശു പുരുഷാരത്തെ ഉപദേശിച്ചതിനുശേഷം പത്രോസിനോട് ആഴത്തിലേക്ക് വലയിറക്കാൻ ആവശ്യപ്പെട്ടു. നാഥാ രാത്രിമുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല എങ്കിലും നിന്റെ വാക്കിന് വലയിറക്കാം (ലൂക്ക 5 :1 - 12). ജീവിതത്തിൽ ഇത്രയും കാലം അദ്ധ്വാനിച്ചിട്ടും ഒന്നും നേടാൻ കഴിയാതെ നിരാശപ്പെട്ടുകഴിയുന്ന ആരെങ്കിലും ഇതു വായിക്കുന്നുവെങ്കിൽ കർത്താവിന്റെ വാക്കു കേട്ട് അനുസരിച്ചാൽ നിന്റെ ജീവിത പടകിൽ നിറച്ച് മൽസ്യം തരുവാൻ സ്വർഗ്ഗീയ കർത്താവ് വിശ്വസ്തനത്രേ.

പത്രോസിന്റെ പടകിലെ മീനിന്റെ പെരുപ്പം കണ്ടപ്പോൾ പത്രോസ് പറയുകയാണ്. ഞാൻ പാപിയായ മനുഷ്യൻ. എന്നെവിട്ടു പോകേണമേ. സുവിശേഷം കേൾക്കുമ്പോൾ പാപബോധം ഉണ്ടാകണം. അയോഗ്യൻ എന്ന ചിന്ത ഉണ്ടാകണം, ഭയപ്പെടേണ്ട എന്ന സ്നേഹശബ്ദത്തിന് അവർ ശിഷ്യരായി, സ്വമേധയാ. ആരും നിർബന്ധിച്ചില്ല, ചർച്ച ചെയ്തില്ല. മത്തായിയും, ലേവിയും ആരും വ്യവസ്ഥ ചോദിച്ചില്ല. യേശുവിനോടുള്ള അത്യന്ത സ്നേഹം ശിഷ്യത്വത്തിലേക്ക് നയിച്ചു(മത്താ 9 : 9, മാർക്ക് 2 : 14).

ശിഷ്യത്വം എന്നത് യേശുവിന്റെ സ്നേഹത്തിന്റെ വിളിയാണ്. വ്യവസ്ഥ കൂടാതെ യേശുവിനെ അനുഗമിക്കുന്നതാണ്.

പത്രോസ് സകലതും വിട്ട് - സ്നേഹിതരെ, ചുറ്റുപാടുകളെ, വള്ളം, വല, തങ്ങൾ പരിചയിച്ച ജീവിത സാഹചര്യങ്ങളെ, എല്ലാം എല്ലാം വിട്ട് - യേശുവിനെ അനുഗമിച്ചു.

ശിഷ്യത്വം എന്നത് കർത്താവായ യേശുവിനെ അനുഗമിച്ച് അവൻ പോകുന്ന വഴികളിൽ അവൻ നടത്തുന്ന ഇടങ്ങളിലൂടെ സഞ്ചരിക്കുന്നതാണ്. കർത്താവിന്റെ കാലടികൾ പിൻതുടരുന്നതാണ്.

യഥാർത്ഥ ശിഷ്യന് തന്റെ ജീവിതത്തെ ആസൂത്രണം ചെയ്യുന്നതിനോ, തന്റെ ലക്ഷ്യങ്ങൾക്കനുസരിച്ച് ജീവിക്കുന്നതിനോ ശിഷ്യത്വം അനുവദിക്കുന്നില്ല.

ശിഷ്യത്വം എന്നത് കർത്താവായ യേശുവിനെ വ്യവസ്ഥ കൂടാതെ പിൻതുടരുന്നതാണ്. ചോദ്യം ചെയ്യാതെ അനുസരിക്കുന്നതാണ്.

അവന്റെ കല്പനകൾ ഭാരമുള്ളവയല്ല എന്ന് ആത്മാവ് പറയുന്നു. എന്നാൽ യേശുവിന്റെ അടുക്കൽ ഒരു യുവാവ് ഓടിവന്ന് മുട്ടുകുത്തി നിത്യജീവനെ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം എന്നു ചോദിച്ചു. കല്പനകളെ പ്രമാണിക്ക, അമ്മയപ്പന്മാരെ ബഹുമാനിക്ക. ഇതെല്ലാം ഞാൻ ചെറുപ്പം മുതലേ ആചരിച്ചുവരുന്നു. യേശു അവനെ നോക്കി. നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്കുക. പിന്നീടു വന്ന് എന്നെ അനുഗമിക്ക. ഇതുകേട്ട് അവൻ വളരെ ധനവാനായതുകൊണ്ട് ദുഃഖിച്ചു പൊയ്ക്കളഞ്ഞു(മാർക്കോസ് 10 :17-22). സ്വർഗ്ഗരാജ്യത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും എന്നുപറഞ്ഞത് വിശ്വസിച്ചില്ല (മത്തായി 19 :16 - 22).

**പത്രോസും കൂട്ടരും ശിഷ്യത്വത്തിന്റെ പാതയിൽ ഇടറുന്നു.**

ഞങ്ങൾ സകലതും വിട്ടു എന്നുപറഞ്ഞുതുടങ്ങി (മാർക്കോസ് 10 : 28). ഞങ്ങൾക്ക് എന്തുകിട്ടും (മത്തായി 19 : 27). ശിഷ്യത്വത്തിന്റെ പാതയിൽ ഇടറുന്നു. യേശുവിന്റെ യരുശലേമിലേക്കുള്ള അന്ത്യയാത്രയെപ്പറ്റി യേശു പറയുന്നു. കഷ്ടം അനുഭവിക്കും, ക്രൂശിക്കപ്പെടും പിന്നെയും പത്രോസ് ഇടറുന്നു ശിഷ്യത്വത്തിൽ നിന്ന് (മത്തായി 16 : 22). ഈ സന്ദർഭത്തിൽ യേശു പറയുന്നു. സാത്താനെ, എന്നെ വിട്ടു പോവുക. (മത്തായി 16 : 23-24) ശിഷ്യത്വത്തിന് വിരോധമായ ചിന്ത യേശുവിനു സഹിക്കില്ല. യേശു പറഞ്ഞു. നീ ദൈവത്തിനുള്ളതല്ല. മനുഷ്യർക്കുവേണ്ടിയാണ് കരുതുന്നത്.

ശിഷ്യത്വത്തിന്റെ പടികളെക്കുറിച്ച് കർത്താവ് പഠിപ്പിക്കുന്നു. എന്റെ അടുക്കൽ വരികയും അപ്പനേയും, അമ്മയേയും, ഭാര്യയേയും, മക്കളെയും സഹോദരൻമാരെയും, സഹോദരിമാരെയും സ്വന്തജീവനെ കൂടെ പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല (ലൂക്ക 14 :26-30). തന്റെ ക്രൂശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴിയില്ല. എന്നാൽ ദൈവശക്തിയാൽ കഴിയും. എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും (ജോൺ 15 : 4,5) സ്വയത്തിന്റെ ശക്തിയാൽ അനുഗമിക്കാൻ കഴിയില്ല. എന്നാൽ ക്രിസ്തുവിന്റെ സ്നേഹത്താൽ അനുഗമിക്കാൻ കഴിയും.

പരിശുദ്ധാത്മാവിനാൽ ദൈവസ്നേഹം പകരപ്പെടുമ്പോൾ നാം ശിഷ്യത്വത്തിലേക്കു വരും. അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു(1 ജോൺ 2 : 6). ശത്രുവിനെ സ്നേഹിക്കുക. സ്വന്തം ശക്തിയാൽ കഴിയില്ല. ദൈവസ്നേഹത്താൽ പരിശുദ്ധാത്മാവിനാൽ കഴിയും.

പത്രോസ് യേശുവിനെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞു. ഉപേക്ഷിച്ച വള്ളവും വലയും എടുത്തു. അതുകണ്ട് മറ്റു ശിഷ്യന്മാരും പിന്മാറ്റത്തിൽ. എന്നാൽ യേശു സ്നേഹത്തിൽ അവരെ മടക്കി കൊണ്ടുവന്നു. വന്ന് പ്രാതൽ കഴിച്ചുകൊൾവിൻ (ജോൺ 21 :12). തന്റെ സ്നേഹം ഹൃദയത്തിലേക്ക് പകർന്നു യേശുവിലേക്ക് പത്രോസിനെ അടുപ്പിച്ചു (ജോൺ 21 : 15,17,19).

**ശിഷ്യത്വം എന്നത് യേശുവിനോടുകൂടെ ആഹ്ലാദകരമായ നടപ്പാണ്.**

നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം. (ജോൺ 13 : 34-35, ജോൺ 15 : 12). എന്റെ സ്നേഹത്തിൽ വസിപ്പിൻ. നാം അന്യോന്യം സ്നേഹിക്കുന്നതിലാണ് യേശുവിന്റെ സ്നേഹത്തിൽ വസിക്കുന്നത്. പിതാവ് പുത്രനെ നൽകി നമ്മെ സ്നേഹിച്ചു. (ജോൺ 3 : 16) ഈ വലിയ സ്നേഹം നൽകിയ ദൈവത്തിൽ വിശ്വസിച്ച് (1 ജോൺ 3 : 1) നമുക്ക് ക്രിസ്തു ശിഷ്യരായി തീരാം. കർത്താവിന്റെ അന്ത്യ കല്പനയും ഇങ്ങനെയാണല്ലോ. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്നരുളിച്ചെയ്തു(മത്തായി 28 : 19-20). ആകയാൽ നമുക്ക് ശിഷ്യന്മാരാകാം. മറ്റുള്ളവരെ ശിഷ്യത്വത്തിലേക്കു നയിക്കാം. ആയതിന് ദൈവമായ കർത്താവ് നമ്മെ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ,

*നിങ്ങളുടെ ഇടവാടത്തച്ചൻ*

## നമ്മുടെ മരിച്ചുപോയവരുടെ ആത്മാക്കൾ മുകളിലിരുന്ന് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

മോളി ചെറിയാൻ, കണ്ടത്തിൽ

തിരുവല്ലാ ബാലികാമഠം സ്കൂളിൽ ഞാൻ 6-ാം ക്ലാസിൽ പഠിക്കുന്ന കാലം. ഹോസ്റ്റലിൽ നിന്നാണ് ഞാൻ പഠിച്ചത്. വെളുപ്പിന് 5.45ന് ഉണരാനുള്ള ബെല്ലടിക്കും. വളരെ സങ്കടത്തോടുകൂടിയാണെങ്കിൽപോലും ചാടിയെഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് പഠിക്കാൻ തുടങ്ങും. എട്ടുമണിക്ക് പ്രഭാതഭക്ഷണം. പിന്നെ എല്ലാവരും ക്ലാസിൽപോകാനുള്ള തത്രപ്പാടിലാണ്.

അന്ന് ബാലികാമഠത്തിൽ പൈപ്പ് ഇല്ല. വെള്ളം കോരിവേണം കൈയ്യും മുഖവും കഴുകാൻ. മൂന്നു കിണർ ഉണ്ടെങ്കിലും ഭക്ഷണശാലയുടെ അടുത്തുള്ള കിണർ വലിയ ആഴമുള്ളതായിരുന്നു. 80 അരഞ്ഞാണം. ഞാനും എന്റെ ഒരു കൂട്ടുകാരിയുംകൂടി വെള്ളംകോരാൻ പോയി. ഞങ്ങൾ മാറിമാറി കയർ പിടിച്ചു വലിച്ചു. വലിയ തൊട്ടി ആയിരുന്നതിനാൽ എനിക്ക് കരയ്ക്കടുപ്പിക്കാൻ കഴിഞ്ഞില്ല. മറിച്ച് ഞാനും തൊട്ടിയുംകൂടി നേരെ കിണറ്റിന്റെ അടിത്തട്ടിലേക്ക് പോയി. എന്റെ കൂട്ടുകാരി കിടന്ന് കരഞ്ഞപ്പോൾ എല്ലാവരും ഓടിയെത്തി. എന്റെ കഴുത്തറ്റം വെള്ളം ഉണ്ടായിരുന്നു. സ്കൂളിൽ പൈപ്പിട്ടുകൊണ്ടിരുന്ന ഒരാൾ ഓടിവന്ന് കിണറ്റിന്റെ ഉള്ളിൽ ഇറങ്ങി വിറച്ചുകൊണ്ടിരുന്ന എന്നെ എടുത്തുപൊക്കിപ്പിടിച്ചു. ഒരു കസേര കെട്ടി കിണററിലിറക്കി എന്നെ അതിലിരുത്തി മുകളിലേക്ക് വലിച്ചുകയറ്റി. എല്ലാവരും വിചാരിച്ചു എന്റെ കഥ കഴിഞ്ഞുകാണുമെന്ന്. ഞാൻ ഭയന്നുപോയി എന്നല്ലാതെ ശരീരത്തിൽ ഒരു പോറലുപോലും ഇല്ലായിരുന്നു. അവിടെ അടുത്തുള്ള തിരുമൂലപുരം പള്ളിയിലാണ് എന്റെ വല്ല്യപ്പച്ചൻ കെ. സി. ഈപ്പൻ അപ്പച്ചനേയും അനുജൻ കെ. സി. ചാക്കോ അപ്പച്ചനേയും കബറടക്കിയിരിക്കുന്നത്. അവരുടെ പ്രാർത്ഥനയാണ് എന്നെ ഈ വലിയ അപകടത്തിൽ നിന്നും രക്ഷിച്ചതെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.





## എറണാകുളം സെന്റ് മേരീസ് ഇടവക ഒരു ലഘു ചരിത്രം

പി. കെ. ഐസക്

*(കഴിഞ്ഞലക്കം തുടർച്ച...)*

അതിനുശേഷം ഒരു ശവക്കോട്ടയ്ക്കു വേണ്ടി പ്രവർത്തനം ആരംഭിച്ചു. മെ. എം. എ. ചാക്കോ, ഡോ. പോൾ പുത്തൂരാൻ എന്നിവരുടെ നേതൃത്വത്തിൽ ഒരു സ്പെഷൽ ഗവൺമെന്റ് ഓർഡർ സമ്പാദിച്ച് ഒരു റാഫിൾ നടത്തി. ക്രിസ്റ്റ്യൻ കമ്പനി എന്നപേരിൽ ഒരു പ്രസ്ഥാനമാണ് റാഫിൾ നടത്തിയത്. ഏറ്റവും കൂടുതൽ തുക പിരിച്ചത് ഡോ. പോൾ പുത്തൂരാൻ ആണ് എന്നു കേട്ടിട്ടുണ്ട്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് നേരത്തെ വാങ്ങിയ 28 സെന്റിന്റെ വടക്കുവശം 5.5 സെന്റു കൂടി വാങ്ങി.

അടുത്തതായി പള്ളി പണിയെപ്പറ്റി ആലോചിച്ചു തുടങ്ങി. അങ്ങനെയിരിക്കെ ശ്രീ. ഫിലിപ്പു വക്കീൽ 1923 ജനുവരിയിൽ നിര്യാതനായി. സർക്കാരിന്റെ പ്രത്യേക അനുവാദം വാങ്ങി മേൽപ്പറഞ്ഞ 28 സെന്റ് സ്ഥലത്തിന്റെ വടക്കേ അതിരുചേർത്ത് കല്ലറ പണിത് അദ്ദേഹത്തെ അതിൽ അടക്കി.

ടി. സ്ഥലത്തിന്റെ തെക്കേ അതിരുചേർത്ത് അതായത് ഇപ്പോഴത്തെ ഹാൾ ഇരിക്കുന്ന സ്ഥലത്തായി ഒരു ചെറിയ ആരാധനാലയം (single hall) പണിതു. ഇതിനു മുൻകൈ എടുത്തവരിൽ ചിലരുടെ പേരുകൾ താഴെ കൊടുക്കുന്നു.

1) റാവു സാഹിബ് പി.കെ. വറുഗീസ് 2) എം. ഐ. വർക്കി 3) എം. എ. ചാക്കോ 4) കെ. സി. വർക്കി മാസ്റ്റർ 5) എം. റ്റി. മാത്യു 6) റ്റി. തോമസ്

ഉത്തരത്തിന്റെ ലവൽവരെ പണിതാൽ മേൽക്കൂര റാവു സാഹിബ് പി.കെ. വറുഗീസ് പണിതുകൊള്ളാം എന്നുള്ള ഒരു ഓഫർ ഉണ്ടായിരുന്നു എന്നും അത് അദ്ദേഹം നിറവേറ്റി എന്നും കേട്ടിട്ടുണ്ട്. പണി തീർത്ത പള്ളിയുടെ താൽക്കാലിക കൂദാശ 1102 കന്നിമാസം 20-ാം തീയതി (1926 ഒക്ടോബർ 6) നടത്തി. സ്ഥലം 1932 ൽ വാങ്ങി. ചിറ്റൂർ റോഡിൽ 15 സെന്റ് സ്ഥലം ശവക്കോട്ടയ്ക്കു വേണ്ടിയും വാങ്ങി. അതിൽ ഒരു ചെറിയ ചാപ്പലും പണിതു.

ആദ്യകാലത്ത് ഈ പള്ളി മലങ്കര മെത്രാപ്പൊലീത്തയുടെ നേരിട്ടുള്ള ഭരണത്തിൽ ആയിരുന്നു. തുമ്പദേനിൽ ഓർത്തിരുന്ന പേരും മലങ്കര മെത്രാപ്പൊലീത്തയുടെ പേർ ആയിരുന്നു. 1958 ലെ സമാധാന ഉടമ്പടിക്കുശേഷം ഈ പള്ളി കൊച്ചി ഭദ്രാസന മെത്രാപ്പൊലീത്തായുടെ അധീനതയിൽ ആയി.

പിന്നീട് അംഗസംഖ്യ വർദ്ധിച്ചുവന്നതോടുകൂടി (അതായത് കേരളാ ഹൈക്കോടതി എറണാകുളത്ത് സ്ഥാപിതമായതോടെ) പള്ളി വലുതാക്കേണ്ട ആവശ്യം എല്ലാവർക്കും ബോദ്ധ്യപ്പെട്ടു. 1959 ജനുവരി 2-ാം തീയതി സഭാസ്നേഹികൾ ഒരുമിച്ചുചേർന്ന് ഒരു പുതിയ പള്ളി പണിയണമെന്ന് തീരുമാനമെടുത്തു.

*(തുടരും)*

## ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു

മേരി വർഗീസ്

എന്നെ പിൻതുടരുന്നവർ ഒരിക്കലും അന്ധകാരത്തിൽ നടക്കുന്നില്ല. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും, ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു(യോഹന്നാൻ 1 :12).

എപ്രകാരമാണ് യേശു തമ്പുരാൻ ലോകത്തിന്റെ വെളിച്ചമാകുന്നത് ? എന്താണ് ലോകം?

നേരായ വഴികൾ അറിയാതെ, ജീവന്റെ വഴികൾ മനസ്സിലാക്കാതെ, പാപത്തിൽ കഴിയുന്നവരുടെ സമൂഹമാണ് ലോകം. ഇവരുടേത് അന്ധകാരത്തിൽ തപ്പിത്തടയുന്ന അവസ്ഥയാണ്. ജീവൻ സ്വന്തമാക്കുവാൻ ഒരേ ഒരു മാർഗ്ഗമേയുള്ളൂ. അത് യേശു എന്ന മാർഗ്ഗമാണ്. അപ്പോൾ അന്ധകാരം നീങ്ങി ജീവന്റെ പ്രകാശം അവരിൽ നിറയും. ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു. ഞാൻ മുഖാന്തിരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. (യോഹ 14:6)

ലോകത്തിന്റെ മുമ്പിൽ വെയ്ക്കപ്പെട്ടിരിക്കുന്ന സത്യമാണ് യേശു. എന്താണ് സത്യം. സത്യം എന്നാൽ വെളിപ്പെടുത്തൽ എന്നാണ് അർത്ഥം. നിഗൂഢവും, ആഗ്രാഹ്യവുമായ ദൈവത്തിന്റെ ഭാവങ്ങൾ, യേശു വെളിപ്പെടുത്തി. സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. (യോഹ 8:32) യേശു പ്രപഞ്ചത്തിലെ അനന്യമായ യാഥാർത്ഥ്യമാണ്. അന്ധകാരത്തിൽ ജ്വലിക്കുന്ന ജീവന്റെ പ്രകാശമാണ് യേശു.

## കുടുംബ വിശേഷങ്ങൾ

### അഭിനന്ദനങ്ങൾ



മദ്രാസ് അണ്ണാ സർവ്വകലാശാലയുടെ M.Sc. Photonics and Biophotonics പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ **ലിറ്റി വർഗ്ഗീസ് റ്റി.** കലൂർ LFC റോഡിൽ ടി. ഐ. വർഗീസിന്റെയും ലിസി വർഗീസിന്റെയും മകളാണ്.



കേരള മെഡിക്കൽ പ്രവേശനപരീക്ഷയിൽ ഉന്നതവിജയം നേടിയ **വിദ്യ കെ. സഖറിയ**. എറണാകുളം സി. പി. ഉമ്മർ റോഡ് കരിങ്ങാട്ടിൽ കെ. സെഡ്. സക്കറിയായുടെയും അന്നമ്മ കുര്യന്റെയും പുത്രിയാണ്.

(കഴിഞ്ഞലക്കം കുടുംബവിശേഷങ്ങൾ കോളത്തിൽ തെറ്റായ പേരുകൾ പ്രിന്റ് ചെയ്യാനിടയായതിൽ ഖേദിക്കുന്നു.)

### വിവാഹം



എറണാകുളം ടി.ഡി. റോഡ് പൈനാടത്ത് പരേതനായ പി. എ. വർഗീസിന്റെയും അന്നമ്മ വർഗീസിന്റെയും മകൻ സജി വർഗീസും മൂക്കന്നൂർ തളിയൻ വീട്ടിൽ ശ്രീ. റ്റി. സി. പൗലോസിന്റെയും ശ്രീമതി അമ്മിണിയുടെയും മകൾ ബിനിയും തമ്മിലുള്ള വിവാഹം 14.7.2008 ൽ നമ്മുടെ കത്തീഡ്രലിൽ വച്ചു നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### നിര്യാതയായി



എറണാകുളം കോമ്പാറ പനക്കൽ വീട്ടിൽ പരേതനായ പി.സി. മാത്യുവിന്റെ ഭാര്യ ശ്രീമതി സിസിലി മാത്യു (66) 28-07-2008 ൽ നിര്യാതയായി ശവസംസ്കാരം എളംകുളം സെമിത്തേരിയിൽ നടത്തി.

*കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.*

### വിശേഷദിവസങ്ങൾ

**ഓഗസ്റ്റ്**

6 ബുധൻ : മറുരൂപപ്പെരുന്നാൾ. പെരുനാട് അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ.

14 വ്യാഴം : 6ന് സന്ധ്യാപ്രാർത്ഥന, തുടർന്ന് പ്രസംഗം, പ്രദക്ഷിണം

15 വെള്ളി : പതിനഞ്ചു നോമ്പു വീടൽ, മാതാവിന്റെ സ്വർഗ്ഗാരോഹണപ്പെരുന്നാൾ

19 ചൊവ്വ : ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്തയുടെ ഓർമ.

**സെപ്റ്റംബർ**

1. തിങ്കൾ : എട്ടുനോമ്പാരംഭം. ഒന്നു മുതൽ 8 വരെ എല്ലാ ദിവസവും കാലത്ത് കുർബാനയും 7-ാം തീയതി സന്ധ്യാപ്രാർത്ഥനയെ തുടർന്ന് പ്രസംഗം.

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 2 • ISSUE : 8 AUGUST 2008

## എഡിറ്റോറിയൽ

### കരുതലുള്ള ദൈവം

ദിനംപ്രതി അനുഭവിച്ചുകൊണ്ടിരിക്കുന്ന കൃപകളുടെ വില നാം മനസ്സിലാക്കാതെ പോകുന്നു.

അടുത്ത ദിവസം പതിവുപോലെ സൂര്യൻ ഉദിക്കുന്നില്ല എന്നു സങ്കൽപ്പിച്ച് ഹെൻറി പോർട്ടർ ഇപ്രകാരം എഴുതിയിട്ടുണ്ട്. നേരം ആറുമണിയായി. എന്നാൽ സൂര്യോദയത്തിന്റെ യാതൊരു ലക്ഷണവുമില്ല. ഏഴുമണിയായിട്ടും പ്രകാശത്തിന്റെ നേരിയ രശ്മിപോലും കാണാനില്ല. ഉച്ചയായപ്പോഴും അർദ്ധരാത്രിപോലുള്ള ഇരുട്ടുതന്നെ. ഒരൊറ്റ പക്ഷിയുടെ ശബ്ദംപോലും കേൾക്കാനില്ല. മൂങ്ങയുടെ മൂളലും, വവ്വാലിന്റെ പറക്കൽ ശബ്ദവും മാത്രം. സായാഹ്നമായിട്ടും കൂരിരുട്ടിന് മാറ്റമില്ല. അന്ന് ആരും ഉറങ്ങിയില്ല. ചിലർ കരഞ്ഞു. ചിലർ പരിഭ്രമവും നിരാശയും കാരണം കൈകൾ കോർത്തു ഞെരിച്ചു. പള്ളികളിലെല്ലാം ആളുകൾ കൂട്ടംകൂടി മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചു. രാത്രിമുഴുവൻ അങ്ങനെ കഴിഞ്ഞു. വീണ്ടും പ്രഭാതമായപ്പോൾ ലക്ഷക്കണക്കിനു കരഞ്ഞുകുതിർന്ന ആളുകൾ കിഴക്കുദിക്കിലേക്കു ആകാംക്ഷയോടെ നോക്കി. ക്രമേണ ആകാശം ചുമക്കുകയും ഒടുവിൽ പതിവുപോലെ സൂര്യൻ ഉദിക്കുകയും ചെയ്യുന്നതു കണ്ടു സന്തോഷിച്ചു. ലക്ഷക്കണക്കിനുള്ള അധരങ്ങളിൽനിന്ന് എൻമനമേ യഹോവയെ വാഴ്ത്തുക എന്ന വാക്കുകൾ പൊട്ടിപ്പുറപ്പെട്ടു.

സോദോംപ്രദേശത്ത് സുഖസമൃദ്ധിയിൽ ജീവിച്ചിരുന്ന നീതിമാനായിരുന്ന ലോത്തിനെയും കുടുംബത്തെയും ദൈവദൂതൻ പിടിച്ചിറക്കി വെറുംകൈയോടെ പട്ടണത്തിൽ നിന്നു പുറത്താക്കുന്നു. അബ്രഹാമിനോട് നീരസപ്പെട്ട് പിതൃസഹോദരനെ വഞ്ചിച്ച്, പണസമ്പാദനത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ച് ജീവിച്ച ലോത്തിനെ ദൈവത്തിലേക്ക് വീണ്ടും തിരിക്കുവാൻവേണ്ടിയായിരുന്നു ദൈവം ഇതു ചെയ്തത് (ഉല്പ 19 16). നമ്മുടെ ഗ്രഹപ്പിഴകൾ എന്നു നാം വിചാരിക്കുന്ന കാര്യങ്ങളിൽ പോലും നമുക്കു മനസ്സിലാകാത്ത ദൈവകൃപകൾ ഒളിച്ചിരിപ്പുണ്ടാകാം. ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. എന്ന് അവൻ അരുളിച്ചെയ്തിരിക്കുന്നു. (എബ്രാ 13:5). അതുകൊണ്ട് ഒരുനാളും ഒരു ദൈവപൈതലിന് പിതാവേ നീ എന്നെ മറന്നുകളഞ്ഞല്ലൊ എന്നു പറയേണ്ടിവരികയില്ല.

പലപ്പോഴും നാം അപായങ്ങളിൽ നിന്നു രക്ഷപ്പെട്ടിട്ടില്ലേ. എന്തിനാണ് ദൈവം നമ്മെ രക്ഷപ്പെടുത്തിയത്. നമ്മെക്കൊണ്ട് ദൈവത്തിനുള്ള ഉദ്ദേശ്യം നിറവേറ്റാനാണത്. നാം അതിനു കരുതലുള്ളവരായി നിന്നുകൊടുക്കണം. ഒരു ദൈവവിശ്വാസിയെ അവന്റെ ജോലി പൂർത്തിയാക്കാതെ ദൈവം തിരിച്ചുവിളിക്കയില്ല. എല്ലാ ദോഷങ്ങളിൽ നിന്നും കരകയറാനുള്ള മാർഗ്ഗങ്ങളും ദൈവം തന്നെ കാണിച്ചുതരും. (2 കൊരി 1:10, 11-11:32:33) (അ.പ്ര. 23:1)

നാം എന്തു ചെയ്താലും ദൈവം കാത്തുകൊള്ളുമെന്ന വിശ്വാസം നല്ലതല്ല. നമ്മുടെ ചുമതലകൾ മറക്കാതെ ജീവിക്കുവാൻ ശ്രദ്ധിക്കണം. ദൈവജനങ്ങൾ തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വിശുദ്ധപൗലോസ് ആവശ്യപ്പെട്ടതുപോലെ (2 കൊരി. 11:32, 33) നമുക്കുവേണ്ടിയും മറ്റുള്ളവർ പ്രാർത്ഥിക്കുവാൻ തക്കവണ്ണം നമ്മുടെ ജീവിതം മാതൃകയായിരിക്കണം. പൗലോസ് പറഞ്ഞതുപോലെ ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസ്സാക്ഷിയോടും കൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു. എന്നു പറയുവാൻ നമുക്കും സാധിക്കണം. (അ 23:1)

മരണത്തെ മുന്നിൽ കണ്ടുകൊണ്ട് നമുക്കു ജീവിച്ചു തീർക്കുവാനുള്ള കുറഞ്ഞ സമയം സാർത്ഥകമായി ജീവിക്കുവാൻ ശ്രമിക്കണം. ക്ഷണികമാണു ജീവിതമെങ്കിലും തന്റെ ആയുസിനെക്കുറിച്ച് ബോധ്യം നൽകണമേ (സങ്കീ 39:4:4) എന്നു സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നത് ഈ തയ്യാറെടുപ്പിനുവേണ്ടിയാണ്.

യഹോവയുടെ കണ്ണു നീതിമാന്മാരുടെ മേൽ തുറന്നിരിക്കുന്നു (സങ്കീ 34:15). സദാസമയവും ദൈവം നമുക്കുവേണ്ടി കരുതലുള്ളവനായിരിക്കും. നാം ദൈവത്തെ മറന്നാലും ദൈവം നമ്മെ മറക്കുകയോ കൈവിടുകയോ ഇല്ല.

## വിചാരപ്പെടരുത്

റവ. ഡോ. കെ. എ. ജോർജ്ജ്

*(പ്രൊഫ. ഓർത്തഡോക്സ് വൈദിക സെമിനാരി)*

സംഘർഷങ്ങളും, സംഘട്ടനങ്ങളും ഉള്ള ലോകത്തിലാണ് നാം ജീവിക്കുന്നത്. പ്രതിസന്ധികളിൽ, ശരിയായി പ്രതികരിക്കുന്നതിനെ ആശ്രയിച്ചാണ് ഒരാളുടെ ജീവിത വിജയം. ജീവിതമാകുന്ന യാത്രയിൽ, നാൽക്കവലകളിൽ എത്തുമ്പോൾ എങ്ങോട്ടു തിരിയണമെന്നോർത്തു പലപ്പോഴും നട്ടംതിരിയുന്നു. ദൈവത്തിൽ സങ്കേതം വയ്ക്കുന്നവർക്കു ഇതിലേ, ഇതിലേ എന്ന മാർഗ്ഗനിർദ്ദേശം ലഭിച്ചുകൊണ്ടിരിക്കും. ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് എല്ലാംതന്നെ ദൈവം നന്മക്കായി വ്യാപരിക്കുന്നു. അപകടങ്ങളിൽ പെടുമ്പോൾ, തീരാവ്യാധി പിടികൂടുമ്പോൾ, പ്രതീക്ഷകൾക്കും, കണക്കുകൂട്ടലുകൾക്കും കടകവിരുദ്ധമായി സംഭവവികാസങ്ങൾ നടക്കുമ്പോൾ വിശ്വാസികൾപോലും അടിപതറി ദൈവത്തിന്റെ സ്നേഹത്തെ ചോദ്യം ചെയ്യും. നീതിമാനായ ഇയ്യോബിനെ പോലെ യഹോവതന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെട്ടതായിരിക്കട്ടെയെന്ന് സ്തുതിച്ച് പുകഴ്ത്തുവാൻ ചുരുക്കംപേർക്കു മാത്രമേ സാധിക്കുകയുള്ളൂ. ഒന്നാമതായി, ഈ ലോകത്തിന്റെ മാനദണ്ഡങ്ങളല്ല, ദൈവത്തിന്റെ മാനദണ്ഡങ്ങൾ. ദൈവത്തിന്റെ ഉദ്ദേശ്യവും, പദ്ധതികളും പൂർണ്ണമായി ഗ്രഹിക്കുവാനും മനുഷ്യന് സാധ്യമല്ല. ദൈവത്തിന്റെ പ്രവർത്തനരഹസ്യം എന്ത് എന്ന് ഗ്രഹിക്കുവാൻ മനുഷ്യൻ ശ്രമിച്ചിട്ടുണ്ട്. എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല. എന്നു യഹോവ അരുളിച്ചെയ്യുന്നു (യെശ 55:8). ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കുവാൻ മനുഷ്യന് സാധ്യമല്ല. ഗ്രഹണശക്തിയിലും, ഭാവിയെ കാണുന്നതിലും മനുഷ്യന് പരിമിതികൾ ഉണ്ട്.

രണ്ടാമതായി, ദൈവം മനുഷ്യനെ സ്വന്തരൂപത്തിലും, സാദൃശ്യത്തിലും സൃഷ്ടിച്ചുവെന്നും (ഉല്ല. 1.27) മണ്ണിൽനിന്ന് മനഞ്ഞുണ്ടാക്കി ജീവശ്വാസം ഊതിയെന്നും (ഉല്പ 2.7) ഉല്പത്തി പുസ്തകത്തിൽ കാണാം. ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യന് ദൈവഹിതം അറിഞ്ഞ് ജീവിക്കുവാനുള്ള സ്വാതന്ത്ര്യവും, നിരസിക്കുവാനുള്ള സ്വാതന്ത്ര്യവും ഉണ്ട്. മൂന്നാമതായി, വിചാരപ്പെടരുത്, സൃഷ്ടിച്ചവനായ ദൈവം പരിപാലിക്കുന്നവനാണ്. എന്തു തിന്നും, എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും എന്ത് ഉടുക്കും എന്നു ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്. (വി. മത്തായി 6.25) ആകാശത്തിലെ പറവകളെ നോക്കുവിൻ അവ വിതക്കുന്നില്ല. കൊയ്യുന്നില്ല. കളപ്പുരയിൽ കൂട്ടിവെക്കുന്നതുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. (വി. മത്തായി 6.26) വിചാരപ്പെടുന്നതുകൊണ്ട് ഒന്നും നേടുവാൻ കഴിയുകയില്ല. ഭാവിയെക്കുറിച്ച് ചിന്തിക്കേണ്ട എന്നല്ല, ആകാംക്ഷയോടും, ആകുല ചിന്തയോടും കാര്യങ്ങൾ ചെയ്യരുതെന്നാണ് വിവക്ഷിക്കുന്നത്. ദൈവത്തിൽ ആശ്രയിച്ച് ദൈവിക കാര്യങ്ങൾക്ക് മുൻഗണനകൊടുത്ത് എല്ലാം ദൈവത്തിൽ സമർപ്പിച്ച് ജീവിതം നയിച്ചാൽ ക്രിസ്തീയ ജീവിതം ധന്യമാകും. മുമ്പേ അവന്റെ രാജ്യവും, നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. (വി. മത്തായി 6.33)

**പതിനേഴാം ഓർമപ്പെരുന്നാൾ (19-8-08)**



**ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പൊലീത്ത**

"നിങ്ങൾക്ക് ദൈവവചനം പറഞ്ഞുതന്ന് നിങ്ങളെ നടത്തിയ നിങ്ങളുടെ പിതാക്കന്മാരെ ഓർത്തുകൊൾവിൻ"